


**രാഷ്ട്രപതിയുടെ അനുമതിക്കായി അയച്ച**
**പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബില്ലിന്റെ മേൽ**
**കൊക്കക്കോളയുടെ എതിർവാദങ്ങൾ വച്ചുകൊണ്ട്**
**കേരള സർക്കാറിനോട് വിശദീകരണം ചോദിച്ച കേന്ദ്ര ആഭ്യന്തര വകുപ്പിന്**
**മറുപടി നൽകുന്നു**

**എസ്. ഫെയ്സി**

# കോളയുടെ നിയമോപദേശം വസ്തുതാവിരുദ്ധം

സംസ്ഥാന ഗവർണ്ണറിൽ നിന്നും പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ ലഭിച്ച് അഞ്ച് മാസങ്ങൾക്കുശേഷം കേന്ദ്ര ആഭ്യന്തര മന്ത്രാലയം, കോളക്കമ്പനിയുടെ എതിർവാദമുഖങ്ങൾ കേരള സർക്കാരിന് അയച്ചുകൊടുത്തതായി പ്ലാച്ചിമട ഉന്നതാധികാര സമിതിയിലെ പരിസ്ഥിതി വിദഗ്ധ അംഗം എന്ന നിലയിൽ ഞാൻ മനസ്സിലാക്കുന്നു. കമ്പനിയുടെ വാദങ്ങളെപ്പറ്റിയുള്ള എന്റെ അഭിപ്രായം ഇവിടെ സമർപ്പിക്കുന്നു.

സംസ്ഥാന നിയമനിയമസഭ പാസ്സാക്കിയ ഒരു ബില്ലിന് രാഷ്ട്രപതിയുടെ അനുമതി നേടിയെടുക്കുന്ന നടപടികളിൽ കേന്ദ്രമന്ത്രിസഭ ഒരു സ്വകാര്യ കമ്പനിയുടെ നിയമോപദേശം സ്വീകരിയ്ക്കാൻ ഒരു വ്യവസ്ഥയും നിലവില്ലാത്തതാണ്. അഥവാ കമ്പനിയുടെ അഭിപ്രായം സ്വീകരിക്കുകയാണെങ്കിൽ പ്ലാച്ചിമടയിലെ ദുരിതബാധിതരായ ജനങ്ങളുടെ കാഴ്ചപ്പാടുകൾ കൂടി ശ്രദ്ധിക്കുക എന്നത് സ്വാഭാവിക നീതി ഉറപ്പാക്കുന്നതിനാവശ്യമാണ്. പ്രത്യേകിച്ചും കോളകമ്പനിക്ക് സർക്കാരിന്റെയും രാജ്യത്തെ നയതന്ത്രസ്ഥാപനങ്ങളുടെയും പിന്തുണയുമുണ്ടെന്നിരിക്കെ. ഇത്തരം ആർഭാടങ്ങളൊന്നും ദുരിതബാധിതർക്ക് അവകാശപ്പെടാനില്ല. ഇന്ത്യൻ സോളിസിറ്റർ ജനറലിന്റെയോ, നിയമവകുപ്പിന്റെയോ നിയമോപദേശം കൂടുതൽ വിശദീകരണത്തിനുവേണ്ടി അയച്ചിരുന്നുവെങ്കിൽ എത്രയോ അഭികാമ്യമായിരുന്നേനെ.

കോളകമ്പനിയ്ക്കുവേണ്ടി സീനിയർ അഭിഭാഷകൻ കെ.കെ. വേണുഗോപാൽ തയ്യാറാക്കിയ, ആഭ്യന്തര മന്ത്രാലയം കേരള സർക്കാരിന് അയച്ചുകൊടുത്ത നിയമനിർദ്ദേശം ഞാൻ ഇവിടെ പരിശോധനയ്ക്ക് വിധേയമാക്കുന്നു.

### നിയമോപദേശത്തിലെ തെറ്റായ വിവരങ്ങൾ

നിർദ്ദേശത്തിന്റെ ആദ്യഭാഗം മുഴുവൻ തെറ്റായ വിവരങ്ങൾ നിറഞ്ഞതാണ്. 2004-ൽ കമ്പനി സ്വമേധയാ കോളാ പ്ലാന്റ് അടച്ചതാണെന്ന് അതിൽ പറയുന്നു. അന്നത്തെ മുഖ്യമന്ത്രിയും ഇപ്പോൾ താങ്കളുടെ മന്ത്രിസംഭാംഗവുമായ എ.കെ ആന്റണിയുടെ നിർദ്ദേശപ്രകാരമാണ് 2004 മാർച്ച് മാസത്തിൽ, വരൾച്ചബാധിത ജില്ലയായ പാലക്കാട്ട് ജലം ദുരുപയോഗം ചെയ്യുന്ന ഈ ഫാക്ടറി അടച്ചുപൂട്ടാൻ ഉത്തരവായത് എന്നതാണ് വസ്തുത. മാരക മാലിന്യ (നിർവ്വഹണവും കൈകാര്യവും) നിയമപ്രകാരമുള്ള അനുവാദത്തിനുവേണ്ടിയുള്ള കമ്പനിയുടെ അപേക്ഷ 2004 ഫെബ്രുവരി 23ന് മാരക മാലിന്യങ്ങൾ നിർവ്വീര്യമാക്കുന്നതിന് മതിയായ സൗകര്യങ്ങൾ ഏർപ്പെടുത്താതുകൊണ്ട് കേരളാ മലിനീകരണ നിയന്ത്രണ ബോർഡ് നിരാകരിക്കുകയാണുണ്ടായത്. ഇതേ തുടർന്ന് 2004

ആഗസ്റ്റ് 23ന് ബോർഡും, കമ്പനി അടച്ചിടാൻ ഉത്തരവിട്ടു. ഇത് മാരക മാലിന്യ (നിർവ്വഹണവും കൈകാര്യവും) നിയമം നടപ്പിലാക്കുന്നതിനായി, 2003 ഒക്ടോബർ 14ന് ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച ഉത്തരവിന്റെ ഭാഗമായിക്കൂടിയായിരുന്നു. കോള ഉദ്യോഗസ്ഥന്മാർ ആവർത്തിച്ചു വരുന്ന നിർലജ്ജമുള്ള കാപട്യം തുറന്നുകാട്ടുന്നതിനായി, 2004 ആഗസ്റ്റ് 23ലെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഉത്തരവിൽനിന്നും ചില വരികൾ ഞാൻ എടുത്തുപറയട്ടെ. "അതുകൊണ്ട് മാരക മാലിന്യ നിയമത്തിലെ വകുപ്പുകൾ പ്രകാരമുള്ള കൃത്യവും കർശനവുമായ സൗകര്യങ്ങൾ നടപ്പാക്കും വരെ താങ്കളുടെ യൂണിറ്റ് സുപ്രീംകോടതി വിധി നിർദേശിക്കുന്നതുകൊണ്ട് ഉടൻ അടച്ചിടേണ്ടതാണ്." ഇപ്പോൾ കമ്പനി സി.ഇ.ഒ മുഖ്താർ കെന്റ് അതിന്റെ വക്താക്കളോടും നിയമോപദേശകരോടും ഈ നിർണ്ണായക പ്രശ്നത്തിൽ തെറ്റിദ്ധാരണ പരത്തുകയാണ് ചെയ്യുന്നത്. പ്ലാന്റിന്റെ പ്രവർത്തനം മൂലം അമിതജലചൂഷണത്തിന്റെയോ മലിനീകരണത്തിന്റെയോ തെളിവുകൾ കിട്ടിയിട്ടില്ലെന്ന് നിയമോപദേശത്തിൽ പറയുന്നത് തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കലാണ്.

## കോളക്കമ്പനി മൂലമുണ്ടായ മലിനീകരണം

2002 ഫെബ്രുവരി 25ന് പ്ലാന്റിനടുത്തുനിന്നും ശേഖരിച്ച് സർഗ്ഗം ലാബിൽ പരിശോധിച്ച ജലസാമ്പിളുകളിൽ കാഠിന്യത്തിന്റെയും ക്ലോറൈഡിന്റെയും ക്രമമായ വർദ്ധനവ് മനസ്സിലാക്കപ്പെട്ടിട്ടുള്ളതാണ്. 2004 മാർച്ചിൽ കമ്പനി അടച്ച് രണ്ട് മാസത്തിനു ശേഷം മാലിന്യ കേന്ദ്രീകരണത്തിൽ കുറവ് അനുഭവപ്പെട്ടതും ശ്രദ്ധേയമാണ്. മാലിന്യ കേന്ദ്രീകരണം, പ്ലാന്റിനടുത്തെത്തും തോറും കൂടി വന്നു. മാലിന്യവും അനുബന്ധ രോഗങ്ങളും പ്ലാന്റിനടുത്ത് ഏറെ ദയനീയമായിരുന്നു. 2003 ഏപ്രിൽ 8ലെ കത്തുപ്രകാരം പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർക്ക് കോളാ പ്ലാന്റിന് സമീപമുള്ള കിണറുകളിൽ നിന്നും കുടിവെള്ളത്തിന്റെ ആവശ്യത്തിനായി വെള്ളമുപയോഗിക്കരുതെന്ന് തദ്ദേശീയരോട് നിർദ്ദേശിയ്ക്കേണ്ടി വന്നു.

പ്ലാന്റിൽ നിന്നും പുറത്തുവരുന്ന സ്ലെഡ്ജിൽ ഭീകരമായ അളവിൽ കാഡ്മിയം കണ്ടുപിടിച്ചതോടെ മാലിന്യത്തിലെ ക്ലോറൈഡ്/കാഠിന്യ പ്രശ്നങ്ങൾക്ക് പ്രാധാന്യം കുറഞ്ഞു. സ്ലെഡ്ജ് വളരെ നല്ല വളമാണെന്ന് കർഷകരെ തെറ്റിധരിപ്പിച്ചുകൊണ്ട് ഗ്രാമത്തിലൂടനീളം അവ കുറ്റകരമായി വ്യാപിപ്പിച്ചു. 2003 ൽ മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ അന്വേഷണങ്ങൾ പ്രകാരം സ്ലെഡ്ജിലെ മാരകമായ കാഡ്മിയം സാന്നിദ്ധ്യം 201.8 മില്ലിഗ്രാം/കിലോഗ്രാം ആണെന്നും കണ്ടെത്തി. ഇത് മാരക മാലിന്യ നിയമ പ്രകാരം അനുവദനീയമായ 50 മില്ലിഗ്രാം/കിലോഗ്രാം നാലിരട്ടിയിലധികമാണെന്നും തെളിഞ്ഞു. 2003 നവംബറിൽ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ മറ്റൊരു പഠനത്തിൽ വളമെന്ന വ്യാജേന കമ്പനി സ്ലെഡ്ജ് വിതരണം ചെയ്തതുകൊണ്ട് ഗ്രാമത്തിലാകെയുണ്ടായ കാഡ്മിയത്തിന്റെ സാന്നിദ്ധ്യം 333.8 മില്ലിഗ്രാം/കിലോഗ്രാം ആണെന്നു കണ്ടെത്തുകയുണ്ടായി. ഗ്രാമത്തിലെ ഭൂഗർഭജലം പോലും കാഡ്മിയം കലർന്ന് മലിനപ്പെട്ടുവെന്ന് കേരളാ മലിനീകരണ നിയന്ത്രണ ബോർഡിന്റെ പഠനത്തിൽ പറയുന്നുണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ ഒരു സമാന്തര പഠനത്തിൽ പ്ലാച്ചിമടയിലെ പശുവിൻ പാൽ, കോഴിയിറച്ചി, മുട്ട, കാലിത്തീറ്റ എന്നിവയിലൊക്കെ കാഡ്മിയത്തിന്റെ അളവ് ഭീമമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

## കോളക്കമ്പനിമൂലമുണ്ടായ ജലചൂഷണം

കേരള ഭൂഗർഭജലവകുപ്പ് ശേഖരിച്ച കണക്കുകൾ കോളകമ്പനി വരുത്തിവെച്ച ജലചൂഷണത്തെക്കുറിച്ച് വിവരിക്കുന്നു. 2002 ഡിസംബറിൽ പ്ലാന്റ് സ്ഥിതിചെയ്യുന്ന മേഖലയിലെ ജലവിതാനത്തിൽ (phreatic aquifer) 10.6-12 മീറ്ററിന്റെ കുറവ് ഉണ്ടായിട്ടുള്ളതായി ഈ അപഗ്രഥനം തെളിയിക്കുന്നു. 2003 മേയിൽ ഇത് വീണ്ടും 11.04-13 മീറ്ററിലേക്ക് താഴ്ന്നതായി കാണുന്നു. ചിറ്റൂർ ബ്ലോക്കിലെ മറ്റ് സ്ഥലങ്ങൾക്ക് വിപരീതമായി ആ വർഷം തൃപ്തികരമായ വേനൽ മഴ ലഭിച്ചിട്ടുകൂടിയാണ് ഈകുറവ് എന്നോർക്കുക. 2004 മാർച്ചിൽ പ്ലാന്റ് അടച്ചതിനുശേഷം ജലവതാനം അല്പാല്പമായി ഉയർന്നതായി 2004 മേയിലും 2006 മേയിലും നിരീക്ഷിക്കുകയുണ്ടായി.

**ജലമലിനീകരണത്തെപ്പറ്റി നിയമം പാസ്സാക്കാൻ സംസ്ഥാനം കേന്ദ്രത്തെ ചുമതലപ്പെടുത്തിയതായി പറയുന്ന 1968ൽ കേരള നിയമസഭ പാസ്സാക്കിയ ഒരു പ്രമേയത്തെക്കുറിച്ച് പറഞ്ഞതുകൊണ്ട് ഇത്തരം വിഷയങ്ങളിൽ നിയമനിർമ്മാണം നടത്താൻ സംസ്ഥാനത്തിന് കഴിയില്ലെന്ന് കോളക്കമ്പനിയുടെ നിയമോപദേശം, വാദിക്കുന്നു. ഈ പ്രമേയം ഉപരിതല ജലത്തെക്കുറിച്ചുള്ളതാണെന്നും ബില്ല്, ഏറെ വ്യത്യസ്ഥമായ ഭൂഗർഭജലത്തെക്കുറിച്ചുള്ളതാണെന്നും പറഞ്ഞതുകൊണ്ട് വേണുഗോപാലിനു സംഭവിച്ച തെറ്റ് ചൂണ്ടിക്കാട്ടിക്കൊള്ളട്ടെ**

ജലദൗർലഭ്യം അനുഭവിക്കുന്ന ആ സ്ഥലത്ത് കാർഷിക/ഗാർഹിക ആവശ്യങ്ങൾക്ക് ഉപയോഗിച്ചിരുന്ന ജലം കോളകമ്പനി ഉപയോഗിക്കുകയായിരുന്നെന്ന് ഉന്നതാധികാര സമിതി കണ്ടെത്തുകയുണ്ടായി. പ്ലാച്ചിമട ജല കേന്ദ്രത്തിൽ കേന്ദ്ര ഗ്രൗണ്ട് വാട്ടർ ബോർഡിന്റെ കണക്കുപ്രകാരം ഏറ്റവും കൂടിയ ജല റീച്ചാർജ്ജ് 8 ശതമാനമാണ്. ഇത് കണക്കിലെടുത്താൽ ആ ഭാഗത്തെ മൊത്തം ഗ്രൗണ്ട് വാട്ടർ ലഭ്യത 3.105 മില്ല്യൺ ക്യൂബിക് മീറ്ററാണ് (mcm). ഈ പ്രദേശത്തെ മൊത്തം ജലാവശ്യം (കാർഷിക, ഗാർഹിക, കന്നുകാലി) പരിഗണിയ്ക്കുകയാണെങ്കിൽ പ്ലാച്ചിമടയിൽ 0.1168 mcm ന്റെ ജല കമ്മിയാണുള്ളത്. ഇതിനർത്ഥം കോള കമ്പനി ഉപയോഗിയ്ക്കുന്ന 0.1825 mcm ജലം യഥാർത്ഥത്തിൽ ഗാർഹിക/കാർഷിക/കന്നുകാലി ആവശ്യങ്ങളെ ഉദ്ദേശിച്ചിട്ടുള്ളതാണ് എന്നതാണ്. പ്ലാച്ചിമടയിൽ സംഭവിച്ച ജലദുരന്തം ഇതിന്റെ അനന്തര ഫലമാണ്.

## നിയമനിർമ്മാണത്തിന്റെ കാര്യക്ഷമത - നിയമനിർമ്മാണധികാരങ്ങളുടെ വിഭജനം സംബന്ധിച്ചുള്ള അന്താരാഷ്ട്ര ഉടമ്പടികൾ

കൊക്കകോള കമ്പനിയുടെ വാദമുഖങ്ങളുടെ പുരോഗതി ശ്രദ്ധിക്കുന്നത് രസകരമാണ്. ഉന്നതാധികാര സമിതിയെ പഴിയ്ക്കുക, സ്ഥിരീകരിച്ചിട്ടില്ലാത്ത അനുമാനങ്ങളിലാണ് സമിതിയുടെ റിപ്പോർട്ട് രൂപംകൊണ്ടിട്ടുള്ളതെന്ന വെല്ലുവിളിക്കുക, തുടർന്ന് ബില്ലിന് രൂപം കൊടുക്കാൻ സംസ്ഥാന നിയമസഭയ്ക്ക് അധികാരമുണ്ടോ എന്ന് ചോദിക്കുക എന്നിവയാണ് അവർ നിരത്തുന്ന വാദങ്ങൾ.



സ്റ്റോക്ക് ഹോമിലും റിയോ-ഡി-ജനിറോവിലും നടന്ന യു.എൻ സമ്മേളനങ്ങളുടെ തീരുമാനങ്ങൾ നടപ്പിലാക്കാനാണ് ദേശീയ ഹരിത ട്രിബ്യൂണൽ ആക്ട് - 2010 പ്രാബല്ല്യത്തിൽ വന്നത് എന്നാണ് മുതിർന്ന അഭിഭാഷകൻ കെ.കെ.വേണുഗോപാലിന്റെ വാദം. അതിനാൽ ഈ നിയമത്തിൽ കീഴിൽ വരുന്ന വിഷയങ്ങൾ ഭരണഘടനയുടെ യൂണിയൻ ലിസ്റ്റിലെ 13-ാം എൻട്രി പ്രകാരം ആർട്ടിക്കിൽ 253 നോടൊപ്പം വായിക്കേണ്ടതും സംസ്ഥാന നിയമസഭക്ക് ഈ വിഷയങ്ങളിൽ നിയമ നിർമ്മാണം നടത്താൻ യാതൊരധികാരവുമില്ലാത്തതും ഹരിത ട്രിബൂണൽ നിയമവും കേരളാ ബില്ലും പരസ്പര വിരുദ്ധമായ നിലപാടുകൾ ഉൾക്കൊള്ളുന്നതും കേരളത്തിൽ പ്രാബല്ല്യത്തിൽ വരുമ്പോൾ ഹരിത ട്രിബൂണൽ നിയമ നിർദ്ദേശങ്ങളേ നിലനിൽക്കത്തക്കതായുള്ളൂ എന്നതുമാണ് വാദങ്ങൾ. ഇതൊക്കെ തീർത്തും അപ്രസക്തമായ വാദങ്ങളാണ്. റിയോ പ്രഖ്യാപനത്തിന്റെ കരട് തയ്യാറാക്കുന്നതിൽ പ്രധാനിയായിരുന്നു ഞാൻ എന്ന കാര്യം ആദ്യമേ പറയട്ടെ. ഇവിടെ രണ്ട് അടിസ്ഥാന പ്രശ്നങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. 1) റിയോ പ്രഖ്യാപനത്തിന്റെയും സ്റ്റോക്ക് ഹോം പ്രഖ്യാപനത്തിന്റെയും പദവി, 2) ആർട്ടിക്കിൾ 253ന്റെ ശരിയായ അർത്ഥം (ആർട്ടിക്കിൾ 731.ബിയും, 51.സിയും കൂട്ടി വായിച്ചുകൊണ്ട്).

### അന്തർദേശീയ പ്രഖ്യാപനങ്ങളുടെ പദവി

അന്തർദ്ദേശിയ നിയമത്തിൽ ഉടമ്പടികളും സമ്മേളനങ്ങളും തമ്മിലും അന്തർദ്ദേശീയ പ്രഖ്യാപനങ്ങളും/തീരുമാനങ്ങളും തമ്മിലും നിർണ്ണായകമായ വ്യത്യാസങ്ങളുണ്ട്. ഒരു അന്തർ സർക്കാർ മദ്ധ്യസ്ഥ സമിതിയാണ് ഉടമ്പടികൾ തയ്യാറാക്കുന്നത്. ഇതിനായി നിയോഗിക്കപ്പെട്ട പൂർണ്ണാധികാരികൾ ഒപ്പിട്ട്, അതത് കക്ഷികളുടെ പ്രാദേശിക നിയമപ്രകാരം സാധൂകരിക്കുകയോ അംഗീകരിയ്ക്കുകയോ ചെയ്ത് ഉടമ്പടി സെക്രട്ടേറിയറ്റിലേക്ക് അംഗീകാരപത്രിക സമർപ്പിച്ചിട്ടുണ്ടായിരിക്കണം. ഇന്ത്യകൂടി അംഗമായിട്ടുള്ള ഉടമ്പടി നിയമങ്ങളിന്മേലുള്ള വിയന്ന കൺവെൻഷൻ പ്രകാരമാണ് ഉടമ്പടികളെല്ലാം നയിക്കപ്പെടുന്നത്. അത് അംഗീകരിച്ച/ സാധൂകരിച്ച കക്ഷികൾക്കും ഉടമ്പടികളെല്ലാം ബാധകമാണ്, ഉടമ്പടിയിൽത്തന്നെ വ്യക്തമാക്കിയിട്ടുള്ള സമ്മതത്തിലെത്താത്ത വകുപ്പുകളൊഴിച്ച്. ഉടമ്പടിയുടെ ദേശീയ വ്യാപകമായ നടപ്പാക്കലിന് ആവശ്യമുള്ള തദ്ദേശനിയമങ്ങളുണ്ടാക്കാൻ കക്ഷികൾ പ്രതിജ്ഞാബദ്ധരാണ്.

ഭാഗഭാക്കായുള്ള രാജ്യങ്ങളുടെ ഭാഗത്ത് പ്രഖ്യാപനങ്ങളുടെ തീരുമാനങ്ങളോ നടപ്പിലാക്കാൻ നിയമപരമായ ബാധ്യതയില്ല. എന്നാൽ അവർക്ക് ധാർമ്മികവും രാഷ്ട്രീയവുമായ മഹത്തായ ചാലക ശക്തിയുണ്ട്. ഈ ശക്തിയാണ് ഭരണകൂടത്തെയും മറ്റ് തത്പരകക്ഷികളെയും ഇത്തരം ഉടമ്പടികൾ, അവർ ആവശ്യപ്പെടുന്ന അത്രത്തോളം നടപ്പിലാക്കാൻ ഊർജ്ജിതപ്പെടുത്തുന്നത്.

ഹരിത ട്രിബൂണൽ ആക്ടിന്റെ ആമുഖത്തിൽ സ്റ്റോക്ഹോം പ്രഖ്യാപനത്തിലെയും റിയോ പ്രഖ്യാപനത്തിലെയും ചില ഭാഗങ്ങളുടെ മാർഗ്ഗദർശനങ്ങൾ ഏറെ പ്രചോദനകരമാണെങ്കിലും അത് ആക്ടിന്റെ നൈതികതയുടെ അടിസ്ഥാനമാവുന്നില്ല. ആ ആക്ടിന്റെ പ്രാരംഭത്തിൽ തന്നെ പറഞ്ഞിട്ടുള്ളതുപോലെ ഭരണഘടനയുടെ 21-ാം ആർട്ടിക്കിളിൽ വകയിരുത്തിട്ടുള്ള ജീവിയ്ക്കാനുള്ള അവകാശത്തിന്റെ ഭാഗമായി ആരോഗ്യകരമായ പരിസ്ഥിതിയ്ക്കുള്ള അവകാശം എന്നതാണ് ഉൾക്കരുത്തോടെ ഉജ്ജ്വലമായി നിലനിൽക്കുന്ന നൈതികാടിത്തറ.

പാരിസ്ഥിതിക നാശത്തിന് നഷ്ടപരിഹാരവും ബാദ്ധ്യതയും ഉറപ്പുവരുത്തുന്ന നിയമങ്ങൾ വികസിപ്പിച്ചെടുക്കാൻ ഭരണകൂടത്തെ ഉദ്ബോധിപ്പിയ്ക്കുന്ന റിയോ പ്രഖ്യാപനത്തിന്റെ 13-ാം തത്വം അഡ്വ. കെ.കെ.വേണുഗോപാൽ ഉദ്ധരിക്കുന്നു. റിയോ ഉച്ചകോടിയിൽ വച്ച് റിയോ പ്രഖ്യാപനം അംഗീകരിയ്ക്കാനുള്ള അഭിപ്രായ സമന്വയത്തിൽ ഇന്ത്യ ചേർന്നെങ്കിലും അതേ പ്രശ്നത്തിൽത്തന്നെ അന്തർദേശീയ നിയമങ്ങളിലാദ്യമായി പാരിസ്ഥിതിക നാശത്തിന് ബാദ്ധ്യതയും നഷ്ടപരിഹാരവും എന്ന വിഷയം അവതരിക്കപ്പെട്ടപ്പോൾ ഇന്ത്യൻ സർക്കാർ വളരെ വ്യത്യസ്ഥമായ നിലപാടാണെടുത്തത്. റിയോ പ്രഖ്യാപനത്തിന് സമാന്തരമായിത്തന്നെ രൂപം കൊണ്ട ജൈവവൈവിധ്യ സമ്മേളനത്തിന്റെ ആർട്ടിക്കിൾ 14.2 ആണ് അത്. ജൈവവൈവിധ്യത്തെക്കുറിച്ചുള്ള സമ്മേളനത്തിന്റെ നൈറോബി അന്തിമ നിയമത്തിൽ 1992 മെയ് 22ന് ഇന്ത്യൻ സർക്കാർ ഇനി പറയുന്ന പ്രസ്താവന നടത്തി. "കൺവെൻഷന്റെ ആർട്ടിക്കിൾ 14 ഖണ്ഡിക 2-ൽ പറയുന്ന ജൈവവൈവിധ്യത്തിന്റെ വിനാശത്തിനുള്ള ബാദ്ധ്യതയും നഷ്ടപരിഹാരവും എന്ന പ്രശ്നം ഇന്ത്യാ സർക്കാറിന്റെ വീക്ഷണത്തിൽ സമ്മേളനത്തിലെ കക്ഷികൾ കൈകാര്യം ചെയ്യപ്പെടേണ്ട തരത്തിലുള്ള ഒരു മുൻഗണനാ

മേഖലയല്ല. ആർട്ടിക്കിളിൽ പറയുന്ന പഠനങ്ങളുടെ ഉദ്ദേശ്യത്തെ സംബന്ധിച്ച് വ്യക്തതക്കുറവുണ്ട്." സമ്മേളനം അഭിപ്രായ സമന്വയത്തോടെ അംഗീകരിച്ച ശേഷം സമ്പൂർണ്ണാധികാരികളുടെ യോഗത്തിൽ വച്ചാണ് ഇന്ത്യ ഈ പ്രസ്താവന നടത്തിയതെന്നോർക്കുക. ഇന്ത്യാ സർക്കാർ വിവിധങ്ങളായ ബഹുതല പാരിസ്ഥിതിക സമ്മേളനങ്ങളിൽ കൈക്കൊണ്ടിട്ടുള്ള നിലപാടുകളിലെ അവ്യക്തതയാണ് ഇത് കാണിക്കുന്നത്. ജൈവവൈവിധ്യ സമ്മേളനം അന്തർദ്ദേശീയ നിയമമാണെന്നും റിയോ പ്രഖ്യാപനം അങ്ങനെയല്ലെന്നും ശ്രദ്ധിയ്ക്കുക. റിയോ, സ്റ്റോക് ഹോം പ്രഖ്യാപനങ്ങളിലുള്ള നിയമത്തിലെ ആമുഖ വിവരണത്തിന്റെ സ്വഭാവം തീർത്തും പ്രചോദനകരം മാത്രമാണെന്ന് ഇത് അടിവരയിടുന്നു.

1972 ജൂണിൽ സ്റ്റോക്ഹോം പ്രഖ്യാപനം കഴിഞ്ഞ് കുറച്ച് മാസങ്ങൾക്കുശേഷമാണ് ആധുനിക ഇന്ത്യയിലെ ആദ്യത്തെ പരിസ്ഥിതി നിയമം – വന്യജീവി സംരക്ഷണ നിയമം നിലവിൽ വരുന്നത്. ഇന്ത്യയുടെ അന്നത്തെ പ്രധാനമന്ത്രി തന്നെ ആ ഉച്ചകോടിയിൽ പങ്കെടുത്ത് അവിസ്മരണീയമായ ഒരു പ്രസംഗം അന്നു നടത്തി. ഈ നിയമം സ്റ്റോക് ഹോം പ്രഖ്യാപനത്തിന്റെ പ്രചോദനത്തിന്റെ ഫലമായിരുന്നെങ്കിലും നിയമത്തിലൊരിടത്തും പ്രഖ്യാപനത്തെക്കുറിച്ച് പരാമർശിക്കുന്നതേയില്ല. ഇന്ത്യ വീണ്ടും ഉടമ്പടിയോ, സമ്മേളനമോ പോലെ പ്രഖ്യാപനം നിയമപമായി ബാധ്യതപ്പെടുത്തുന്ന ഒന്നല്ലെന്ന് വ്യക്തമാക്കുന്നു.

## ആർട്ടിക്കിൾ 253ന്റെ ശരിയായ അർത്ഥം

ഞാൻ ആ ആർട്ടിക്കിൾ ഇവിടെ ഉദ്ധരിയ്ക്കട്ടെ. അന്തർദേശീയ കരാറുകൾക്ക് പ്രാബല്യം വരുത്തുന്ന ആർട്ടിക്കിൾ 253 എന്ന നിയമം:

ഈ അദ്ധ്യായത്തിൽ ഏതുതരം വ്യവസ്ഥകളെപ്പറ്റി വിവരിച്ചാലും ഇന്ത്യയിലാകമാനമോ, ഭാഗികമായോ മറ്റേതെങ്കിലും രാജ്യവുമായോ, രാജ്യങ്ങളുമായോ ഏതെങ്കിലും ഉടമ്പടിയോ കരാറോ സമ്മേളന തീരുമാനമോ അല്ലെങ്കിൽ അന്തർദേശീയ സമ്മേളനങ്ങളിലോ സമിതിയിലോ രൂപപ്പെട്ട തീരുമാനങ്ങൾ നടപ്പിലാക്കാനോ ആവശ്യമായ നിയമമുണ്ടാക്കാൻ പാർലമെന്റിന് അധികാരമുണ്ടായിരിക്കും.

അന്തർദേശീയ ഉടമ്പടികൾ/ സമ്മേളനങ്ങൽ/ കരാറുകൾ എന്നിവയൊക്കെ മുമ്പുപറഞ്ഞപോലെ കക്ഷികളിൽ നിയമപരമായ ബാന്ധവമാരോപിക്കുന്നതും എന്നാൽ പ്രഖ്യാപനങ്ങൾ അങ്ങനെയല്ലാത്തതുമാകുന്നു. ഇക്കാര്യത്തിൽ 'തീരുമാനങ്ങൾ' എന്ന വിവക്ഷയും നിയമപരമായി പ്രതിജ്ഞാബദ്ധതയുള്ള രേഖയാണ്. അല്ലാതെ റിയോ – സ്റ്റോക്ക് ഹോം പ്രഖ്യാപനങ്ങൾ പോലെ നിയമപരമായബാധ്യത ആരോപിക്കാനാകാത്ത പ്രഖ്യാപനങ്ങളല്ല. ഇത് ആർട്ടിക്കിളിന്റെ തലക്കെട്ടിൽത്തന്നെ അടിവരയിട്ടു പറയുന്നുണ്ട്. അതിനുപുറമെ ഭരണകൂടത്തിന്റെ അന്തർദേശീയ നിയമങ്ങളുടെയും ഉടമ്പടികളുടെയും ബാധ്യസ്ഥത (പ്രഖ്യാപനങ്ങളുടെ അല്ല) ആർട്ടിക്കിൾ 51. C യിൽ നിർദ്ദേശകതത്വങ്ങളായി പറയുന്നുണ്ട്. കേന്ദ്ര മന്ത്രിസഭയുടെ അധികാരങ്ങളെക്കുറിച്ച് പറയുമ്പോൾ ആർട്ടിക്കിൾ 73 ൽ ഇത് പിന്നീട് ഊന്നിപ്പറയുന്നുണ്ട്. ആർട്ടിക്കിൾ 73ന്റെ ഉപവിഭാഗം 1.ബി പറയുന്നതെന്താണെന്നുവച്ചാൽ അത്തരം അധികാരവകാശങ്ങളുടെ പരിധി എന്നത് ഏതെങ്കിലും ഉടമ്പടിയോ കരാറോ ഇന്ത്യാ ഗവൺമെന്റ് ഉപയോഗപ്പെടുത്തുന്നതുപോലെയാണ് എന്നാണ്. പ്രഖ്യാപനങ്ങൾ പോലെയുള്ള നിയമബാദ്ധ്യതകളില്ലാതെ രേഖകൾ ഇവിടെ പരിഗണിയ്ക്കപ്പെടുന്നില്ല. അതിന്റെ ശരിയായ വിവക്ഷയുമായി ആർട്ടിക്കിൾ 253 മനസിലാക്കേണ്ടതാകുന്നു. നമ്മുടെ രാജ്യം അല്ലെങ്കിൽ ഏതു രാജ്യവുമായിക്കൊള്ളട്ടെ, എല്ലാ അന്തർദേശീയ പ്രഖ്യാപനങ്ങളും എല്ലാതരം സർവ്വരാജ്യസമ്മേളനങ്ങളും ഖണ്ഡിയ്ക്കുകയാണെങ്കിൽ അത് നിയമനിർമ്മാണ അരാജകാവസ്ഥയിലേക്കുമാത്രമേ നയിക്കൂ. ഇത്തരം സംഭവങ്ങളുടെ അനന്തരഫലമുണ്ടാകേണ്ടത്, സർക്കാരിന്റെ വിവിധ തലങ്ങളിലൂടെയും മറ്റ് തത്പരകക്ഷികളുടെ നയപരിഷ്കാരങ്ങളിലൂടെയും ദേശീയ താൽപ്പര്യത്തിനും വിഭവങ്ങൾക്കും വിധേയമായുമാണ്, അല്ലാതെ നിയമനിർമ്മാണത്തിലൂടെയല്ല. അതുകൊണ്ട് സ്റ്റോക്ക്ഹോം/റിയോ പ്രഖ്യാപനങ്ങളോടുള്ള ഹരിതട്രിബ്യൂണൽ നിയമത്തിന്റെ പരോക്ഷ സൂചന യൂണിയൻ ലിസ്റ്റിലെ 13–ാം ഖണ്ഡിക പ്രകാരമുള്ള സംഗതിയായി പരാമർശിക്കപ്പെടേണ്ടതില്ല.

**2004 ആഗസ്റ്റ് 23ലെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഉത്തരവിൽനിന്നും ചില വരികൾ ഞാൻ എടുത്തുപറയട്ടെ. "അതുകൊണ്ട് മാരക മാലിന്യ നിയമത്തിലെ വകുപ്പുകൾ പ്രകാരമുള്ള കൃത്യവും കർശനവുമായ സൗകര്യങ്ങൾ നടപ്പാക്കും വരെ താങ്കളുടെ യൂണിറ്റ് സുപ്രീംകോടതി വിധി നിർദേശിക്കുന്നതുകൊണ്ട് ഉടൻ അടച്ചിടേണ്ടതാണ്." പ്ലാന്റിന്റെ പ്രവർത്തനം മൂലം അമിതജലചൂഷണത്തിന്റെയോ മലിനീകരണത്തിന്റെയോ തെളിവുകൾ കിട്ടിയിട്ടില്ലെന്ന് നിയമോപദേശത്തിൽ പറയുന്നത് തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കലാണ്**

## പാരിസ്ഥിതിക നിർവ്വഹണവും/നിയമവും നഷ്ടപരിഹാരവും

കോളകമ്പനിയുടെ നിയമോപദേശം, 1981ലെ വായുനിയമം, 1986ലെ പരിസ്ഥിതി സംരക്ഷണ നിയമം, 1995ലെ ദേശീയ പരിസ്ഥിതി ട്രിബ്യൂണൽ എന്നീ നിയമങ്ങളും യൂണിയൻ ലിസ്റ്റിന്റെ 13–ാം ഖണ്ഡിക പ്രകാരം തന്നെ വാദിയ്ക്കുന്നതായി പറയുന്നു. 1995ലെ ദേശീയ പരിസ്ഥിതി ട്രിബ്യൂണൽ 2010–ലെ ഗ്രീൻ ട്രിബ്യൂണൽ ബിൽ സെക്ഷൻ 38.1 പ്രകാരം ഇപ്പോൾത്തന്നെ റദ്ദാക്കപ്പെട്ടുകഴിഞ്ഞു. മറ്റുള്ള രണ്ടും പരിസ്ഥിതിയുടെ നിർവ്വഹണവും നിയന്ത്രണങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ സംബന്ധിച്ചുള്ളതാണ്. അല്ലാതെ പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ പോലെ, ഒരു പ്രത്യേക സ്ഥാപനം കാരണം പരിസ്ഥിതിയ്ക്കുണ്ടായ നാശങ്ങളുടെ പ്രത്യാഘാതങ്ങൾക്കുള്ള നഷ്ടപരിഹാരത്തെ സംബന്ധിച്ചുള്ളതല്ല. അതുകൊണ്ട് ഈ വാദഗതി നിലനിൽക്കുന്നതല്ല.

## ഭൂഗർഭ ജലമാണ്, ഉപരിതല ജലമല്ല പ്രശ്നം

ജലമലിനീകരണത്തെപ്പറ്റി നിയമം പാസ്സാക്കാൻ സംസ്ഥാനം കേന്ദ്രത്തെ ചുമതലപ്പെടുത്തിയതായി പറയുന്ന 1968–ൽ കേരള നിയമസഭ പാസ്സാക്കിയ ഒരു പ്രമേയത്തെക്കുറിച്ച് പറഞ്ഞതുകൊണ്ട് കോളക്കമ്പനിയുടെ നിയമോപദേശം, ഇത്തരം വിഷയങ്ങളിൽ നിയമനിർമ്മാണം നടത്താൻ സംസ്ഥാനത്തിന് കഴിയില്ലെന്ന് വാദിക്കുന്നു. ഈ പ്രമേയം ഉപരിതല

ജലത്തെക്കുറിച്ചുള്ളതാണെന്നും ബില്ല്, ഏറെ വ്യത്യസ്ഥമായ ഭൂഗർഭജലത്തെക്കുറിച്ചുള്ളതാണെന്നും പറഞ്ഞതുകൊണ്ട് അഡ്വ. വേണുഗോപാലിനു സംഭവിച്ച തെറ്റ് ചൂണ്ടിക്കാട്ടിക്കൊള്ളട്ടെ. ഇതുപോലൊരു നിയമോപദേശം 2002-ൽ സംസ്ഥാനം രൂപം കൊടുത്ത കേരള ഭൂഗർഭജല (നിയന്ത്രണവും നിയമങ്ങളും) ആക്ട് 2002 എങ്ങനെ കാണാതെ പോയി എന്നത് എന്നെ അത്ഭുതപ്പെടുത്തുന്നു. സംസ്ഥാനത്തിന്റെ ഭൂഗർഭജലത്തെക്കുറിച്ചുള്ള നിയമനിർമ്മാണത്തിനുള്ള അധികാരം കേന്ദ്രത്തിനുകൈമാറ്റം ചെയ്തിട്ടില്ലെന്ന് ഈ നിയമം ഉറപ്പാക്കുന്നു. പ്ലാച്ചിമടയിലും അതുകൊണ്ടുതന്നെ ബില്ലിലും എല്ലാ പ്രശ്നങ്ങളും ഭൂഗർഭജലത്തെ പറ്റിയുള്ളതാണ്. സംസ്ഥാന നിയമസഭയ്ക്ക് ഈ നിയമനിർമ്മാണത്തിന് മുഴുവൻ അധികാരവകാശങ്ങളുമുണ്ട്. ഈ പറഞ്ഞ ഗ്രൗണ്ട് വാട്ടർ നിയമത്തിനു കീഴിൽ രൂപീകരിച്ച അതോറിറ്റിയിലെ വിദഗ്ധാംഗമാണ് ഞാനെന്നും ഭൂഗർഭജല നിർവ്വഹണത്തെക്കുറിച്ച് സംസ്ഥാനങ്ങൾക്കുവേണ്ടി, പ്ലാനിങ്ങ് കമ്മീഷൻ ഒരു പുതിയ മാതൃകാ കരടുബില്ലിന് രൂപംകൊടുത്തു വരികയാണെന്നും കൂടെ ഇവിടെ കൂട്ടിച്ചേർത്തു കൊള്ളട്ടെ.

### ഗ്രീൻ ട്രിബ്യൂണൽ നിയമത്തിന്റെ സമയഗണന പ്ലാച്ചിമടയിൽ അപ്രസക്തമാകുന്നു

ഗ്രീൻ ട്രിബ്യൂണൽ നിയമത്തിലെ വകുപ്പുകളിൽ പറയുന്ന കാലപരിധിയെക്കുറിച്ചുള്ള അജ്ഞത നിയമോപദേശത്തിൽ ഉടനീളം കാണാം. നിയമത്തിന്റെ സെക്ഷൻ 15.3 ആവശ്യപ്പെടുന്നത് നഷ്ടപരിഹാരത്തിനുള്ള പരാതികൾ ആറുമാസത്തെ ഗ്രേസ് പിരിയോഡോടുകൂടി അഞ്ചുവർഷത്തിനുള്ളിൽ ഫയൽ ചെയ്യണമെന്നാണ്. 2000-04 കാലഘട്ടത്തിലാണ് ഏറ്റവും കൂടുതൽ ഭൂഗർഭജല ചൂഷണവും മലിനീകരണവും കോളക്കമ്പനി മൂലം പ്ലാച്ചിമടയിൽ സംഭവിച്ചിട്ടുള്ളത്. ഇത് നിയമപ്രകാരമുള്ള അഞ്ചുവർഷ പരിധിക്ക് ഏറെ വിദൂരമാണെന്നും അതുകൊണ്ടുതന്നെ പ്ലാച്ചിമട പ്രശ്നത്തെ ഈ നിയമം മൂലം അഭിമുഖീകരിയ്ക്കാനാവില്ലെന്നും പറയാം. അക്കാരണത്താൽ തന്നെയാണ് അസംബ്ലിയിൽ ഈ ബിൽ പാസ്സാക്കേണ്ടി വന്നത്. ഈ നിയമം, കേന്ദ്ര നിയമത്തിനു പകരം വയ്ക്കപ്പെടുന്നതും അതിനെ ഒരു തരത്തിലും ഖണ്ഡിയ്ക്കാത്തതുമാണ്.

### ജീവിക്കാനുള്ള അവകാശം (ആർട്ടിക്കിൾ 21) മലിനപ്പെടുത്തിയ ആൾ നഷ്ടപരിഹാരം കൊടുക്കുന്ന തത്വം

കേരള ബിൽ ശരിയ്ക്കും ഒരു പരിസ്ഥിതി നിയമമല്ല. ആർട്ടിക്കിൾ 21ന്റെ ലംഘനത്തിനെതിരെ പ്രവർത്തിയക്കാനുള്ള സംസ്ഥാനത്തിന്റെ ഭരണഘടനാപരമായ ഉത്തരവാദിത്തത്തിൽ നിന്നാണ് അത് ഉത്ഭവിക്കുന്നത്. 1991 ലെ സുബാഷ്കുമാർ Vs സ്റ്റേറ്റ് ഓഫ് ബീഹാർ എന്ന കേസിൽ ഉദാഹരിയ്ക്കപ്പെടും പോലെ മുഴുവൻ പരിസ്ഥിതിക്കുമായുള്ള മൗലികാവകാശങ്ങൾ ഉൾക്കൊള്ളുന്ന ഇന്ത്യൻ നീതിന്യായ സംഹിതയിൽനിന്നും വ്യാഖ്യാനിക്കാവുന്നതാണത്. ഉന്നതാധികാര സമിതി നിർണ്ണയിച്ച് ബില്ലിൽ വ്യക്തമാക്കിയിട്ടുള്ളതുപോലെ കോളക്കമ്പനിയുടെ ദുഷ്പ്രവൃത്തികൾ മൂലമാണ് ആരോഗ്യം, കൃഷി, തൊഴിൽ (നഷ്ടം), ഭൂഗർഭജലം, ഗ്രാമീണ സാമൂഹ്യ വ്യവസ്ഥ (ഇതൊന്നും യൂണിയൻ ലിസ്റ്റിൽപ്പെടുന്നതല്ല) എന്നിവകളിലൊക്കെ വിനാശമുണ്ടായിട്ടുള്ളത്. ഈ നാശങ്ങൾക്കാണ് ബില്ലിൽ നഷ്ടപരിഹാരം ആവശ്യപ്പെടുന്നത്. ഇത് ഭരണഘടനാപരമായ സംസ്ഥാന സർക്കാരിന്റെ മൗലികമായ ഉത്തരവാദിത്തമാണ്. അതിന് ഏതെങ്കിലും അന്തർദേശീയ പ്രഖ്യാപനവുമായി യാതൊരുബന്ധവുമില്ല.

ഇന്ത്യൻ നീതിന്യായ തത്വസംഹിതയുടെ പ്രധാന ഭാഗമായ മലിനീകരിച്ച ആൾ തന്നെ അതിനുള്ള നഷ്ടപരിഹാരം കൊടുക്കുക എന്ന തത്വത്തിലാണ് നഷ്ടപരിഹാരത്തിനുള്ള വ്യവസ്ഥ നിലനിൽക്കുന്നത്. ഇത് 1996ലെ വെല്ലൂർ സിറ്റിസൺസ് വെൽഫേർ ഫോറം Vs യൂണിയൻ ഓഫ് ഇന്ത്യ കേസ്സിൽ സുപ്രീം കോടതി എടുത്ത് പറഞ്ഞിട്ടുള്ളതാണ്. പ്ലാച്ചിമടയിലെ ദുരിതബാധിതർക്കുള്ള നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ സംസ്ഥാനം പാസ്സാക്കിയത് ഈ കടപ്പാടിൽ ഊന്നിക്കൊണ്ടാണ്. അല്ലാതെ ഏതെങ്കിലും അന്താരാഷ്ട്ര പ്രഖ്യാപനങ്ങളെ അടിസ്ഥാനപ്പെടുത്തി അല്ല.

ഒരിക്കൽ പുറത്താക്കിയ ശേഷം വീണ്ടും നുഴഞ്ഞുകയറി, ഈ നാട്ടിലെ നിയമങ്ങളോടും നിയമനിർമ്മാണ സഭയോടും പുച്ഛം കാണിക്കുന്ന ബഹുരാഷ്ട്ര കുത്തകയ്ക്കെതിരെയുള്ള ബില്ല്, ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട നിയമസഭയുടെ അധികാരത്തെ ബഹുമാനിച്ചുകൊണ്ട് രാഷ്ട്രപതിക്ക് അയച്ചുകൊടുക്കണമെന്നും വൈകാതെ അത് നിയമമാക്കണമെന്നും കേന്ദ്ര ആഭ്യന്തരമന്ത്രിയോട് ഞാൻ അപേക്ഷിക്കുന്നു. *(പ്ലാച്ചിമട ഉന്നതാധികാര സമിതി - പരിസ്ഥിതി വിദഗ്ധ അംഗം. s.faizi111@gmail.com)*

കൊക്കക്കോള വിരുദ്ധ സമരം
പതിനൊന്നാം വർഷത്തിലേക്ക് പ്രവേശിക്കുന്ന
ഏപ്രിൽ 22ന് വിപുലമായ
**വാർഷികാഘോഷം**
മാർച്ച് 1 മുതൽ സമരക്കാർ കണ്ടുകെട്ടിയ
പ്ലാച്ചിമട ഭൂമിയിൽ പ്രവേശിക്കുന്നതിന് മുന്നോടിയായി
**ജനാധികാര ക്യാമ്പ്**
ബന്ധങ്ങൾക്ക്: 9447019546, 9744831675


**books**
**magazines**
**periodicals**
BYWORD BOOKS
marva plaza, machingal lane, m.g. road, thrissur
Tel. : 0487 3256689, Mob : 9847764577

*With best compliments from*
**CENTRE FOR POST GRADUATE STUDIES**
P.G. Centre
**North Bus Stand, Thrissur-20.**
Ph : 2338983, 6950675
e-mail : pgcentre.tsr@gmail.com